"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ്- ഹാൻവീവിന് 2023-24 സാമ്പത്തിക വർഷത്തിൽ സർക്കാർ ഓഹരി പങ്കാളിത്ത ഇനത്തിൽ അനുവദിച്ച 225 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ(സി) വകുപ്പ്

സ.ഉ.(സാധാ) നം.873/2023/ID തീയതി,തിരുവനന്തപുരം, 24-08-2023

---

പരാമർശം:-

1. കൈത്തറി ഡയറക്ടറുടെ 22.07.2023 ലെ എച്ച്. എൽ/522/2023-പി2 നമ്പർ കത്ത്
2. 10.08.2023 ന് നടന്ന ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ്
3. 31.03.2024 വരെ കാലാവധിയുള്ള ഇ -അനുമതി നമ്പർ എ എസ്/ഐ എൻ ഡി/23/29908

<u>ഉത്തരവ്</u>

ഹാൻവീവിന് നടപ്പ സാമ്പത്തിക വർഷം സർക്കാർ ഓഹരി പങ്കാളിത്ത ഇനത്തിൽ അനുവദിച്ച 2,25,00,000/-രൂപ (ഇരുന്നൂറ്റി ഇരുപത്തിയഞ്ച് ലക്ഷം രൂപ) വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനായി പരാമർശം 1 പ്രകാരം കൈത്തറി ഡയറക്ടർ കത്ത് ലഭ്യമാക്കിയിട്ടുണ്ട്.

2) ഹാൻവീവിന് കീഴിൽ രജിസ്റ്റർ ചെയ്ത നെയ്ത്തുകാർക്ക് തുടർച്ചയായി തൊഴിലും കൂലിയും നൽകുക എന്നതാണ് പ്രധാന ലക്ഷ്യം. ഇതിനായി ഹാൻവീവ് നെയ്ത്തുകാർക്ക് നൂൽ വിതരണം ചെയ്യുകയും അവരിൽ നിന്ന് തുണിത്തരങ്ങൾ സംഭരിക്കുകയും അവരുടെ സ്വന്തം ഷോറൂമുകളിലൂടെയും പ്രദർശന വിൽപ്പനയിലൂടെയും വിൽക്കുകയും ചെയ്യുന്നു.

3) 2023-2024 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ 225 ലക്ഷം രൂപ സർക്കാർ ഓഹരി പങ്കാളിത്ത ഇനത്തിൽ ഹാൻവീവിന് വകയിരുത്തിയിട്ടുണ്ട്. ഹാൻവീവ് നടപ്പിലാക്കുന്ന പദ്ധതിയുടെ ഇനം തിരിച്ചുള്ള പ്രൊപ്പോസൽ കൈത്തറി ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. അത് ചുവടെ ചേർക്കുന്നു.

| നമ്പർ | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ജക്കാർഡ് സാരികളുടെ ഉത്പാദനം | 18 |
| 2 | സിൽക്ക് സാരികളുടെ ഉത്പാദനം | 18 |
| 3 | പുതിയ ഡിസൈൻ പ്രിന്റ് ചെയ്ത ബെഡ് ഷീറ്റിന്റെ നിർമ്മാണം | 40 |

| | | |
|---|---|---|
| 4 | വീതികൂടിയ കോട്ടൺ ബെഡ്ഷീറ്റിന്റെ നിർമ്മാണം | 50 |
| 5 | പുതിയ തരം ബോർഡറുകളുള്ള ഡബിൾ വേഷ്ടിയുടെ നിർമ്മാണം | 85 |
| 6 | മെഴ്സറൈസ്ഡ് സ്പെഷ്യൽ കോട്ടൺ ഷർട്ടിന്റെയും ലിനൻ ഷർട്ടിന്റെയും ഉത്പാദനം | 10 |
| 7 | ഡിസൈൻ വികസിപ്പിക്കൽ | 2.50 |
| 8 | ഫാഷൻ സ്റ്റുഡിയോയും പാറ്റേൺ നിർമ്മാണ സോഫ്റ്റ്‌വെയറും ഉള്ള ഫാഷൻ CAD | 1.50 |
| | ആകെ | 225.00 |

4) ഹാൻവീവിന് നടപ്പ സാമ്പത്തിക വർഷം 4851-00-190-99 (P) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ സർക്കാർ ഓഹരി പങ്കാളിത്ത ഇനത്തിൽ ബജറ്റിൽ വകയിരുത്തിയ 225 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകാൻ കൈത്തറി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

5) 10.08.2023-ന് നടന്ന ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് കൈത്തറി ഡയറക്ടറുടെ പ്രൊപ്പോസൽ പരിഗണിക്കുകയും 2023-24 സാമ്പത്തികവർഷത്തെ ബജറ്റ് പ്രൊവിഷനിൽ നിന്നും 4851-00-190-99 (P) എന്ന ശീർഷകത്തിൻ കീഴിൽ സർക്കാർ ഓഹരി പങ്കാളിത്ത ഇനത്തിൽ ഹാൻവീവിന് അനുവദിച്ച 225 ലക്ഷം രൂപയ്ക്കായി ഭരണാനുമതി നൽകുന്നതിനായി ശിപാർശ ചെയ്യുകയുണ്ടായി.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹാൻവീവിന് നടപ്പ സാമ്പത്തിക വർഷം 4851-00-190-99 (P) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ സർക്കാർ ഓഹരി പങ്കാളിത്ത ഇനത്തിൽ ബജറ്റിൽ വകയിരുത്തിയ 2,25,00,000/-രൂപ (ഇരുന്നൂറ്റി ഇരുപത്തിയഞ്ച് ലക്ഷം രൂപ) വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

കൈത്തറി & വസ്ത്ര ഡയറക്ടർ , തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, ഹാൻവീവ്, കണ്ണൂർ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, K-Bip, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(G&SSA), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(A& E), കേരള, തിരുവനന്തപുരം
ധനകാര്യ(പ്ലാനിംഗ്-ബി) വകുപ്പ്
ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് (10.08.2023 തീയതിയിലെ വ്യവസായവകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്രമം പ്രകാരം)
വ്യവസായ (ജെ) വകുപ്പ്